**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028
E-mail. admin @cochindevaswomboard.org

No. R.9768/2021 Dated: 03/08/2022

**ടെണ്ടർ പരസ്യം**

ശ്രീ വടക്കുന്നാഥൻ ക്ഷേത്രമൈതാനിയിലെ എക്സിബിഷൻ ഗ്രൗണ്ടിൽ ഓണത്തോടനുബന്ധിച്ച് 25/08/2022 മുതൽ 45 ദിവസത്തേക്ക് എക്സിബിഷൻ നടത്തുന്നതിന് Event management വ്യവസ്ഥയിൽ താഴെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ചുരുങ്ങിയത് 20 വർഷമെങ്കിലും ഈ രംഗത്ത് പ്രവൃത്തി പരിചയമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.

1. തീം ആയി അമർനാഥ് യാത്ര
2. പ്രവേശനകവാടം
3. സ്റ്റാൾ, പന്തൽ, ചുറ്റുമറ, പരസ്യബോർഡ്, സൈഡ്മറ പ്ലാറ്റ്ഫോം, പാർട്ടീഷൻ, സ്റ്റേജ്, ഓഡിറ്റോറിയം,
4. ടോയ്‌ലറ്റ്, വൈദ്യുതി, ജനറേറ്റർ(ഡീസൽ ഉൾപ്പെടെ), വെള്ളം, ലൈറ്റ്, സൗണ്ട്, സി.സി.ടി.വി.
5. കലാപരിപാടികൾ
6. ഇൻഷുറൻസ്, വിവിധ വകുപ്പുകളിൽ നിന്നും ആവശ്യമായ ലൈസൻസ് – അനുമതികൾ
7. സെക്യൂരിറ്റി, ക്ലീനിംഗ്, പ്രിന്റിംഗ്, പബ്ലിസിറ്റി
8. അമ്യൂസ്മെന്റ് ഐറ്റംസ്

തുടർന്ന് എക്സിബിഷൻ നടത്തുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും മൊത്തമായി ഏറ്റെടുത്ത് നടത്താൻ താല്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടെണ്ടർ സമർപ്പിക്കാവുന്നതാണ്. ടെണ്ടറുകളിൽ കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 25000/- രൂപ യുടെ ഡി.ഡി യും പ്രവൃത്തി പരിചയം തെളിയിക്കുന്നതിനുള്ള രേഖയും അടക്കം ചെയ്യേണ്ടതാണ്. നിരത ദ്രവ്യമില്ലാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ ലഭിക്കേണ്ട അവസാന തിയ്യതി 10/08/2022, 10.30 എ.എം ആണ്. സീൽ ചെയ്ത ടെണ്ടറുകൾ തൃശ്ശൂർ റൗണ്ട് നോർത്തിലുള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ അന്ന് ദിവസം 11 എ.എം ന് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ആയതിൽ ദേവസ്വത്തിന് ഗുണകരമായ ടെണ്ടർ തിരഞ്ഞെടുക്കുന്നതു മായിരിക്കും. ടെണ്ടർ ലഭിക്കുന്ന വ്യക്തികൾ ദേവസ്വം നിബന്ധനകൾ പാലിക്കേണ്ടതും, നിയമാനുസൃത ജി.എസ്.ടി യും അടക്കേണ്ടതും ഇതു സംബന്ധിച്ച് കരാറിലേർപ്പെടേണ്ടതുമാണ്. മേൽ പ്രവൃത്തികൾക്കാവശ്യമായ എല്ലാവിധ ലൈസൻസുകളും ടെണ്ടർ ലഭിച്ച വ്യക്തിയുടെ സ്വന്തം ഉത്തരവാദിത്വത്തിലും, ചിലവിലും എടുക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തികൾ 24/08/2022 ന് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുത ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്നുകണ്ടാൽ ആയത് വേണ്ടെന്ന് വെക്കുന്നതിനും മറ്റ് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

സെക്രട്ടറി